പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6177 10.07.2012- ൽ മറുപടി നൽകേണ്ടിയിരുന്നത്

രോഗം ബാധിച്ച മൃഗങ്ങളുടെ ഇറക്കുമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) രോഗം ബാധിച്ച മൃഗങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയാൻ അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (എ) അതിർത്തി ചെക്ക് പോസ്റ്റുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും രോഗം ബാധിച്ച മൃഗങ്ങൾ എത്തുന്നത് തടയാൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും 3 ഷിഫ്റ്റ് വച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംഘം മൃഗങ്ങളെ പരിശോധിക്കുന്നുണ്ട്. ഇങ്ങനെ വരുന്ന മൃഗങ്ങൾക്ക് അന്യ സംസ്ഥാനങ്ങളിലെ വെറ്ററിനറി സർജന്മാർ ആരോഗ്യ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്ന് ഈ ഉദ്യോഗസ്ഥ സംഘം പരിശോധിക്കുന്നുണ്ട്. ഇങ്ങനെ പരിശോധനയിൽ ആരോഗ്യ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതോ, ഏതെങ്കിലും തരത്തിൽ അസുഖം ബാധിച്ചതോ ആയ മൃഗങ്ങളെ തിരിച്ച് വിടുകയും ചെയ്യും. ശരിയായ രീതിയിലുള്ളവയ്ക്ക് ചുവന്ന ടാഗ് നൽകിയ ശേഷം കടത്തിവിടാറുണ്ട്. ഇങ്ങനെയുള്ള പരിശോധനയ്ക്ക്ശേഷം കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമായും ചെയ്തതിനുശേഷം മാത്രമേ കേരളത്തിലേക്ക് കടത്തിവിടാറുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | രോഗം ബാധിച്ച മൃഗങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നുണ്ടെന്ന പത്ര വാർത്ത കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അതിർത്തിയിലെ ചെക്ക്പോസ്റ്റുകളിലെ പരിശോധനയ്ക്ക് പുറമേ അറവു ശാലകളിൽ മൃഗസംരക്ഷണ വകുപ്പ് പരിശോധന നടത്താറുണ്ടോ ; | (സി) | പരിശോധന നടത്താറുണ്ട്. |
| (ഡി) | വകുപ്പ് നടത്തിയ പരിശോധനകളിൽ രോഗം ബാധിച്ച മൃഗങ്ങളെ കണ്ടെത്തിയ അവസരങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (ഡി) | അവസരങ്ങളുണ്ടായിട്ടുണ്ട്. വകുപ്പ് നടത്തിയ പരിശോധനകളിൽ കുരലടപ്പൻ, ക്ഷയരോഗം, അകിടു രോഗം, പരാദരോഗങ്ങളായ സിസ്റ്റിസർക്കോസിസ്, ഹൈഡാറ്റിഡ്സിസ്റ്റ്, തുടങ്ങി കരളിനെ ബാധിക്കുന്ന സിസ്റ്റ് രോഗങ്ങൾ എന്നിവ ചില സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടത്തുന്ന പരിശോധനയിൽ വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ഹെൽത്ത് സർട്ടിഫിക്കറ്റ് എന്നിവയില്ലാതെ പക്ഷി/ മൃഗങ്ങളുമായി വരുന്ന വാഹനങ്ങൾ അതിർത്തിയിൽ വെച്ചുതന്നെ തിരിച്ചയക്കുകയാണ് ചെയ്യുന്നത്. ഏതെങ്കിലും പ്രത്യേക അസുഖത്തിന്റെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ പരിശോധനക്കുള്ള ഫീൽഡ് കിറ്റ് ഉപയോഗിച്ച് രക്തസാമ്പിളുകൾ പരിശോധന വിധേയമാക്കി നെഗറ്റീവ് ആയവയെ മാത്രമെ കടത്തിവിടാറുള്ളു. അംഗീകൃത അറവുശാലകളിൽ നടത്തുന്ന പോസ്റ്റുമോർട്ടം പരിശോധനയിൽ രോഗബാധ കണ്ടെത്തുന്ന മൃഗങ്ങളുടെ മാംസം ഭക്ഷണാവശ്യത്തിന് സർട്ടിഫൈ ചെയ്യാറില്ല. |

സെക്ഷൻ ഓഫീസർ